(ബി) ഈ വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്ക് വകയിരുത്തപ്പെട്ട തുക എത്ര;

(സി) പ്രസ്തുത പദ്ധതി പ്രകാരം, പലിശ ബാധ്യത ഇനത്തിൽ ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുക എത്ര ?

ഉത്തരം

(എ-സി) 2015-16-ലെ ബജറ്റ് പ്രസംഗത്തിൽ വനിതാ സംരംഭകർക്കായി പലിശ സമാശ്വാസ പദ്ധതി (interest subvention scheme) നടപ്പിലാക്കുമെന്നും ആയതിലേയ്ക്ക് 10 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പു വർഷത്തെ ബജറ്റിൽ വ്യവസായ വകുപ്പിന് കീഴിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ശമ്പള പരിഷ്കരണം

73 (1813) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2014 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ലഭിക്കുന്ന കുറഞ്ഞ വർദ്ധനവ് എത്ര രൂപയാണ്;

(ബി) 1-7-2009 തീയതി മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ശമ്പളത്തിൽ ലഭിച്ച കുറഞ്ഞ വർദ്ധനവ് എത്ര രൂപയായിരുന്നു?

ഉത്തരം

(എ) 1-7-2014 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ഫിറ്റ്മെന്റ് ആനുകൂല്യമായി കുറഞ്ഞ വർദ്ധനവ് 2000 രൂപ ഉറപ്പാക്കിയിട്ടുണ്ട്.

(ബി) 1-7-2009 തീയതി മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ശമ്പളത്തിൽ ഫിറ്റ്മെന്റ് ആനുകൂല്യമായി കുറഞ്ഞ വർദ്ധനവ് 1000 രൂപ ഉറപ്പാക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly